Draft #1 of File 89809/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 17-Sep-2021 01:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലാ വെബ്സൈറ്റ് രണ്ടാംഘട്ട വികസനം - പുതിയ പഠനവകുപ്പുകൾക്കും, അക്കാഡമിക് സെന്ററുകൾക്കും വെബ്സൈറ്റുകൾ നിർമിക്കുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ**

നമ്പർ. 4708/CMS/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2021

---

*പരാമർശം:*-1). 04.03.2021-ൽ വൈസ് ചാൻസലരുടെ അധ്യക്ഷതയിൽ കൂടിയ വെബ്സൈറ്റ് നവീകരണ സമിതി യോഗത്തിൻറെ മിനുട്സ് ഐറ്റം നമ്പർ 10.

2). പ്രവൃത്തി ഉത്തരവ് നമ്പർ: 63008/Content.Mgmt 2/2021/CMS, തീയ്യതി 19.04.2021.

3). 11.06.2021 ന് വൈസ് ചാൻസലരുടെ അധ്യക്ഷതയിൽ കൂടിയ പഠന വകുപ്പ് മേധാവികളുടെ യോഗത്തിന്റെ തീരുമാനങ്ങൾ.

4). 04.08.2021 ൽ കൂടിയ വെബ്സൈറ്റ് അവലോകന സമിതിയുടെ തീരുമാനങ്ങൾ.

5). വൈസ് ചാൻസലരുടെ 09.09.2021 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവകലാശാലയുടെ വെബ്സൈറ്റുകൾ നവീകരിക്കുവാൻ തീരുമാനിക്കുകയും, കൊട്ടേഷനുകൾ പരിശോധിച്ച് കുറവ് തുക കോട്ട് ചെയ്ത M/s.IPSR Solutions, Kottayam എന്ന സ്ഥാപനത്തിന് പരാമർശം (2) പ്രകാരം ടി ജോലി നിർവഹിക്കുവാൻ പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

പരാമർശം (3) പ്രകാരം കൂടിയ യോഗം സർവകലാശാലയുടെ വെബ്സൈറ്റുകളുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി (website phase-II development) സർവകലാശാലയിൽ പുതിയതായി തുടങ്ങിയ പഠനവകുപ്പുകൾക്കും, അക്കാഡമിക് സെന്റർകൾക്കും ഇപ്പോൾ പഠന വകുപ്പുകൾക്കുള്ളതുപോലെ പുതിയ വെബ്സൈറ്റുകൾ (25 എണ്ണം) നിർമിച്ചു നൽകണമെന്ന് ശുപാർശ ചെയ്തിരുന്നു. വെബ്സൈറ്റ് നവീകരണ ജോലികൾ ഏല്പിച്ച സ്ഥാപനത്തിന്റെ ഇതുസംബന്ധിച്ച നിർദേശം പരാമർശം (4) പ്രകാരം കൂടിയ വെബ്സൈറ്റ് അവലോകന സമിതി പരിഗണിക്കുകയും, നെഗോസിയേഷന് ശേഷം അംഗീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

അതുപ്രകാരം താഴെപറയുന്ന കാര്യങ്ങൾ വൈസ് ചാൻസലറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

(i). സർവകലാശാലയുടെ പുതിയ പഠനവകുപ്പുകൾക്കും, അക്കാഡമിക് സെന്ററുകൾക്കും

തനത് വെബ്സൈറ്റുകൾ ഒരു വർഷത്തെ വാർഷിക പരിപാലന കരാറും കൂടി, എല്ലാ നികുതികളും ഉൾപ്പെടെ Rs.4,99,500/- (നാലുലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തിഅഞ്ഞൂറ് രൂപ മാത്രം) രൂപക്ക് നിർമ്മിച്ച് നൽകുവാനായി M/s.IPSR Solutions, Kottayam എന്ന സ്ഥാപനത്തിന് പ്രവൃത്തി ഉത്തരവ് നൽകാവുന്നതാണ്.

<u>List of Schools / Centres for creating new websites</u>

I). New Teaching Schools: 5 nos.

1. School of Mathematics and Statistics.
2. School of Artificial Intelligence and Robotics.
3. School of Nano Science and Nano Technology.
4. School of Energy Materials.
5. School of Food Science and Technology.

II). International Inter University Centres: 2 nos.

1. International and Inter University Centre for Nanoscience and Nanotechnology (IIUCNN).
2. International Centre for Polar Studies (ICPS)

III). Inter University Centres: 7 nos.

1. Advanced Centre of Environmental Studies and Sustainable Development
2. Inter University Centre for Disability Studies
3. Inter University Centre for Social Science Research and Extensions
4. Inter University Instrumentation Centre
5. Inter University Centre for Biomedical Research
6. Inter University Centre for Studies in Science and Music
7. Inter University Centre for Organic farming and Sustainable Agriculture

IV). Inter School Centres : 10 nos.

1. K.N. Raj Study Centre for Planning and Centre-State Financial Relations.
2. Centre For English Language and Communication Skills.
3. Centre for High-Performance Computing.
4. Advanced Molecular Materials Research Centre.
5. National Institute of Plant Science Technology.
6. Institute for Integrated programmes and Research in Basic Sciences.
7. Institute of Research in Learning Disabilities.
8. University Centre for International Co-operation.

Draft #1 of File 89809/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 17-Sep-2021 01:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

9. Institute for Contemporary Chinese Studies.
10. Centre for Yoga & Naturopathy.

V). Malayalam language website (primary level google translation) & University Order webpage restructuring and date-wise indexing.

VI). websites for:

1. Civil Service Institute.
2. University Campus Alumni.
3. Department of Life Long Learning and Extension (convert German website).
4. Institute for Multidisciplinary Programmes in Social Sciences (IMPSS) (convert Hindi website).

TOTAL 27 websites & 3 restructuring/conversions at a total cost of Rs.4,99,500/- (including all taxes with 1 year AMC)

(ii). സർവകലാശാലയുടെ ഹിന്ദി, ജർമൻ എന്നി ഭാഷകളിലുള്ള വെബ്സൈറ്റുകൾ DLLE, IMPSS എന്നീ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾ ആക്കി മാറ്റുവാനും (template change), പുതിയതായി നിർമിക്കുന്ന വെബ്സൈറ്റുകൾക്ക് പ്രരംഭഘട്ട സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തി നൽകുവാനും M/s.IPSR Solutions, Kottayam നോട് ആവശ്യപ്പെടാവുന്നതാണ്.

(iii). സർവകലാശാലയുടെ തന്നെ BIIC, DASP എന്നീ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾ MGU ഡൊമൈനിൽ ആക്കുവാൻ വേണ്ട കാര്യങ്ങൾ നിർവഹിക്കുവാൻ IT Cell Director നെ ചുമതലപെടുത്താവുന്നതാണ്.

(iv). M/s.IPSR Solutions, Kottayam ന് നൽകേണ്ട ആകെത്തുകയുടെ നാലിലൊന്ന് Rs.1,24,875/- (തുക ഒരുലക്ഷത്തി ഇരുപതിനാലായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച് രൂപ) മുൻകൂർ ആയി നൽകാവുന്നതും ബാക്കി തുക ജോലികൾ പൂർത്തീകരിച്ചതിന് ശേഷംനല്കാവുന്നതും ആയതിനുള്ള ചെലവ് ധനകാര്യ വിഭാഗം ശുപാർശ ചെയ്ത പ്രകാരം നടപ്പു സാമ്പത്തികവർഷ ബജറ്റിലെ '21 101 16 Office Automation, Computerisation & Networking' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതുമാണ്.

നിർമ്മിച്ച് നൽകേണ്ട വെബ്സൈറ്റുകളുടെ പട്ടികയും മേൽപറഞ്ഞ നിർദേശങ്ങളും വൈസ് ചാൻസിലർ പരിശോധിക്കുകയും പരാമർശം (5) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

Draft #1 of File 89809/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 17-Sep-2021 01:30 PM - Page 3

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1). PS to Vice-Chancellor/Pro Vice Chancellor.

2). PA to Registrar/FO/CE.

3). IT Cell Director/System Manager/PRO.

4). CITAD/CETEX/IQAC/Stat Unit/Finance-1/Audit-1/Ad.D./Gen Cash/CMS sns.

5). HODs/Directors of Teaching Schools/Centres concerned.

6). M/s. IPSR Solutions, Kottayam.

7). SF/FC/Records.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 89809/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 17-Sep-2021 01:30 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം